# വൃത്തിയാക്കലും പരിപാലനവും

ഷ്രെഡർ · മെയിന്റനൻസ് നടപടിക്രമം

## ഓരോ ബാച്ചിനും ശേഷം




**1** **ഓഫ് ചെയ്ത് പ്ലഗ് ഊരുക.**
ബ്ലേഡുകൾ പൂർണ്ണമായി നിൽക്കുന്നതുവരെ കാത്തിരിക്കുക.




**2** **ഷ്രെഡ് ചെയ്ത മാലിന്യമുള്ള ക്രേറ്റ് പുറത്തെടുക്കുക.**



**3** **വെള്ളം പിടിക്കാൻ താഴത്തെ അറയിൽ ഒരു ബക്കറ്റ് വെക്കുക.**

⚠ **പ്ലഗിലും സ്വിച്ചിലും മോട്ടോറിലും വെള്ളം ആകാതെ നോക്കുക.**



**4** **ബ്ലേഡുകളിൽ വെള്ളം ഒഴിക്കുക.**
നനവുള്ളപ്പോൾ തന്നെ ചെയ്യുക, അപ്പോൾ മാലിന്യം ഉണങ്ങിപ്പിടിക്കില്ല.



**5** **പറ്റിപ്പിടിച്ച മാലിന്യം സ്ക്രേപ്പർ ടൂൾ കൊണ്ട് നീക്കുക.**
ഒരിക്കലും കൈ ഉപയോഗിക്കരുത്. നിന്നാലും ബ്ലേഡുകൾക്ക് മൂർച്ചയുണ്ട്.



**6** **ഹോപ്പറും ക്രേറ്റ് വെക്കുന്ന അറയും തുടയ്ക്കുക.**



**7** അഴുക്കുവെള്ളം ഓടയിൽ ഒഴിക്കുക.



**8** തറ തുടച്ച് ഉണക്കുക.

## മാസത്തിൽ രണ്ടുതവണ




**1** **പുറംഭാഗവും ഷ്രെഡിംഗ് ഭാഗവും D7 Diversey ലിക്വിഡ് കൊണ്ട് വൃത്തിയാക്കുക.**

ആദ്യം ഓഫ് ചെയ്ത് പ്ലഗ് ഊരുക. മൃദുവായ തുണി കൊണ്ട് തുടയ്ക്കുക.

## പതിവായി



**1** **അയഞ്ഞ സ്ക്രൂകളും ബോൾട്ടുകളും ഉണ്ടോ എന്ന് നോക്കുക.**

കണ്ടാൽ ഞങ്ങളെ അറിയിക്കുക.



**2** **പവർ കേബിളിൽ മുറിവുണ്ടോ എന്ന് നോക്കുക.**

കേടുണ്ടോ? മെഷീൻ ഉപയോഗിക്കരുത്. ഞങ്ങളെ വിളിക്കുക.

⚠ **ബ്ലേഡുകളുടെ മൂർച്ച പോയോ കേടായോ? ഞങ്ങളെ വിളിക്കുക. ഞങ്ങളുടെ ടെക്നീഷ്യൻമാർ മാത്രമേ ബ്ലേഡ് മാറ്റാവൂ.**

⚠ **ഒരിക്കലും സ്വിച്ച് ബോക്സോ മോട്ടോർ കവറോ തുറക്കരുത്. ഞങ്ങളെ വിളിക്കുക.**

⚠ **ഒരിക്കലും കൺട്രോൾ പാനൽ തുറക്കുകയോ വയറിംഗിൽ തൊടുകയോ ചെയ്യരുത്. ഷോക്ക് അടിച്ചാൽ ഉടനെ മെയിൻ MCB ഓഫ് ചെയ്ത് ഞങ്ങളെ വിളിക്കുക.**